പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 923 | 20.03.2013 -ൽ മറുപടിയ്ക്ക്

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും<br>യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും<br>വകുപ്പു മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച കേസുകൾ ഏറ്റവും കൂടുതൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ഏത് ജില്ലയിലാണ്; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസികളിന്മേലുള്ള പോലീസിൻെറ തുടർ അന്വേഷണം യഥാസമയം പൂർത്തീകരിക്കുവാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കുമോ; | (ബി) | യഥാസമയം അന്വേഷണം നടത്തി വരുന്നുണ്ട്. |
| (സി) | കഴിഞ്ഞ മൂന്നു വർഷക്കാലത്ത് യഥാസമയം അന്വേഷണം പൂർത്തിയാക്കിയ കേസുകളിൽ എത്ര ശതമാനം വിചാരണയ്ക്കായി സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; | | കഴിഞ്ഞ 3 വർഷക്കാലത്ത് യഥാസമയം അന്വേഷണം പൂർത്തിയാക്കി വിചാരണയ്ക്കായി സമർപ്പിച്ച കേസുകളുടെ ശതമാനം 2010-ൽ 79%-വും 2011-ൽ 55%വും 2012-ൽ 64%വുമാണ്. |

---2

| | | | |
|---|---|---|---|
| (ഡി) | ഇപ്രകാരമുള്ള കേസുകൾ വിചാരണ നേരിടാൻ എടുക്കുന്ന കാലതാമസം മൂലം സാക്ഷികൾ പലരും കൂറു മാറി കേസുകൾ തെളിയിക്കുന്നതിന് വിഘാതമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച കേസുകളുടെ അന്വേഷണം യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | നടപടി സ്വീകരിച്ചു വരുന്നുണ്ട് |
| (എഫ്) | ഇത്തരം കേസുകളുടെ വിചാരണ വേഗത്തിൽ പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഇത്തരം കേസുകളുടെ വിചാരണയ്ക്കായി മഞ്ചേരിയിലും മാനന്തവാടിയിലും പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ 18.2.2010-ലെ ജി.ഒ(എം.എസ്) നം. 611/2010/ആഭ്യന്തരം പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കൊല്ലത്തും പാലക്കാട്ടും പ്രത്യേക കോടതികൾ സ്ഥാപിക്കുവാനുള്ള ഹൈക്കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.